തളിപ്പറമ്പ് മണ്ഡലത്തിൽ നബാർഡിന്റെ സഹായത്തോടെ ആർ.ഐ.ഡി.എഫ്. പ്രവൃത്തികൾ

135 [858] ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് മണ്ഡലത്തിൽ നബാർഡിന്റെ സഹായത്തോടെ ആർ.ഐ.ഡി.എഫ്. പ്രകാരം എത്ര പ്രവൃത്തികൾ നടന്നുവരുന്നുണ്ട്. അവ ഏതെല്ലാമാണെന്നും ഓരോന്നിനും എത്ര തുകയാണ് എസ്റ്റിമേറ്റ് എന്നും വെളിപ്പെടുത്തുമോ;

(ബി) പുതുതായി ഏതെല്ലാം പ്രവൃത്തികളാണ് ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) മൂന്ന് റോഡ് പ്രവൃത്തികൾ നടന്നുവരുന്നുണ്ട്:

(1) ആർ.ഐ.ഡി.എഫ്. III—ആലക്കോട്-കോളി-പൂവൻചാൽ-തൊണ്ടിക്കുഴി-കാപ്പിമല റോഡ് (തളിപ്പറമ്പ് ബ്ലോക്ക്)—അടങ്കൽ തുക 91.13 ലക്ഷം രൂപ. എസ്റ്റിമേറ്റ് പിന്നീട് 116.56 ലക്ഷം രൂപയായി പുതുക്കുകയും അധികമായി വരുന്ന തുക ബ്ലോക്ക് വഹിക്കണമെന്ന നിബന്ധനയോടെ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

(2) ആർ.ഐ.ഡി.എഫ്. VIII—നെടുവാഴൂർ-ചുഴലി-പള്ളം റോഡ് (തളിപ്പറമ്പ് ബ്ലോക്ക്)—അടങ്കൽ തുക 85 ലക്ഷം രൂപ.

(3) ആർ.ഐ.ഡി.എഫ്. VIII—തച്ചറപ്പാലം-പനങ്കാട്ടൂർ-കാട്ടാംപള്ളി കടവ് റോഡ് (തളിപ്പറമ്പ് ബ്ലോക്ക്)—അടങ്കൽ തുക 98 ലക്ഷം രൂപ.

(ബി) തളിപ്പറമ്പ് ബ്ലോക്ക് ഒരു മുൻഗണനാ ബ്ലോക്ക് ആയതിനാൽ ഗ്രാമീണ റോഡ് പദ്ധതിക്കുവേണ്ടി അനുവദിക്കാവുന്ന പരമാവധി തുക 400 ലക്ഷം രൂപയാണ്.

ആർ.ഐ.ഡി.എഫ്. III മുതൽ VIII വരെ 274.13 ലക്ഷം രൂപയ്ക്കുള്ള മൂന്ന് പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ട്. ഈ ആവശ്യത്തിന് ഇനി ഉപയോഗിക്കാവുന്ന തുക 125.87 ലക്ഷം രൂപയാണെന്നിരിക്കെ ബ്ലോക്ക് പഞ്ചായത്ത് 421.50 ലക്ഷം രൂപ അടങ്കൽ തുക വരുന്ന ഏഴ് പുതിയ പദ്ധതികളുടെ നിർദ്ദേശം ജില്ലാ ഗ്രാമവികസന ഏജൻസി വഴി സമർപ്പിച്ചിരുന്നു. ബ്ലോക്കിന് ഈ ആവശ്യത്തിലേക്ക് ഉപയോഗിക്കാവുന്ന തുക കുറവായതിനാൽ പ്രസ്തുത നിർദ്ദേശങ്ങൾ ബാക്കി തുകയ്ക്കുള്ളിൽ നിർത്തി മുൻഗണനാക്രമം നിശ്ചയിച്ച് റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

/

LIBRARY ARCHIVES Kerala Legislative Assembly